നിർദ്ദേശിച്ചിരിക്കുന്ന നികുതി നിരക്കുകളുടെ അവ്യക്തത നീക്കുന്നതിനുള്ള നടപടികളും ആയിട്ടുണ്ട്.

8. സ്വയം നികുതി നിർണ്ണയിച്ച് വ്യാപാരികൾ നൽകുന്ന റിട്ടേണുകൾക്കൊപ്പം നൽകേണ്ട റിക്കാർഡുകളിൽ നിഷ്കർഷിച്ചിരുന്ന ചില കാര്യങ്ങളിൽ വ്യാപാരികൾ ഉന്നയിച്ച ആവശ്യം പരിഗണിച്ച് ഓരോ മാസവും നൽകിയിട്ടുള്ള ബില്ലുകളുടെ വിവരം മാത്രം ബാൽകോപ്പിയോടൊപ്പം നൽകിയാൽ മതിയാകും. എന്നാൽ രജിസ്റ്റർ ചെയ്ത ഒരു വ്യാപാരി വിൽക്കുന്നതും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുവാൻ അർഹതയുള്ളതുമായ ബില്ലുകളുടെ വിവരം, വാങ്ങിയ വ്യാപാരിയുടെ മേൽവിലാസം, ടിൻ നമ്പർ, വിൽപ്പന വില ഇവ ഓട്ടോക്കിയ നികുതി എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ റിട്ടേണിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ബി, സി) ഉണ്ട്. അതിന്റെ ഫലമായി പ്രാദേശിക പ്രാധാന്യമുള്ള ചില ഉൽപ്പന്നങ്ങളേയും വ്യവസായങ്ങളേയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചില ഉൽപ്പന്നങ്ങളെ നികുതി വിമുക്തമാക്കി ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ പല അസംസ്കൃത വസ്തുക്കളേയും ഉയർന്ന നിരക്കിൽ വരുന്ന വസ്തുക്കളേയും ഉന്നതാധികാര സമിതിയിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ നാലു ശതമാനം നിരക്കു വരുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കളെ വ്യാഖ്യാനം ചെയ്യുവാൻ സഹായിക്കുന്നതിലേക്കായി പ്രത്യേക നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേന്ദ്ര വായ്പയുടെ പലിശ

6 [381] ശ്രീമതി മേഴ്സി രവി:
ശ്രീ. ജോർജ് ജെ. മാത്യു:
" ടി. എൻ. പ്രതാപൻ:
" കെ. മോഹൻകുമാർ;
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനം എന്തു തുകയുടെ വായ്പ എടുത്തിട്ടുണ്ട്;

(ബി) ഈ വായ്പയുടെ പലിശ നിരക്ക് എത്രയുണ്ട്;

(സി) വിവിധ സംസ്ഥാനങ്ങൾക്ക് കേന്ദ്രം കൊടുക്കുന്ന വായ്പയ്ക്ക് ചുമത്തുന്ന പലിശ നിരക്ക് എത്രയാണ്;

(ഡി) സംസ്ഥാനത്തിന് നൽകുന്ന വായ്പയ്ക്ക് കുറഞ്ഞ പലിശയേ ചുമത്താവൂ എന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഓവർ ഡ്രാഫ്റ്റിന് നൽകേണ്ട പലിശ നിരക്ക് എത്രയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 31-5-2005-ലെ താൽക്കാലിക കണക്കനുസരിച്ച് 5,760.76 കോടി രൂപ വായ്പയിനത്തിൽ കേന്ദ്ര സർക്കാരിന് കൊടുത്തു തീർക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) 6.25 ശതമാനം മുതൽ 15 ശതമാനം വരെ.

(ഡി) പലിശ നിരക്ക് ഒരു നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇവിടെ വിലപേശലിന് പ്രസക്തിയില്ല.

(ഇ) നിലവിൽ 345 കോടി രൂപ വരെയുള്ള ഓവർ ഡ്രാഫ്റ്റിന് 9 ശതമാനം പലിശയും 345 കോടി രൂപ കവിയുമ്പോൾ 12 ശതമാനം പലിശയുമാണ് റിസർവ്വ് ബാങ്ക് ഈടാക്കുന്നത്.

അപകട ഭീഷണിയുള്ള അണക്കെട്ടുകൾ

7 [382] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. കെ. ജയചന്ദ്രൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം അണക്കെട്ടുകളാണ് അപകട ഭീഷണിയിലെന്ന് അറിയിക്കാമോ;

(ബി) ഇത്തരം അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഏതെല്ലാം അണക്കെട്ടുകളുടെ കാര്യത്തിലാണ് സുരക്ഷാ പദ്ധതികൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്;

(ഡി) ഇവയിൽ ഓരോന്നിനേയും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) 2005-06-ൽ സുരക്ഷാ പ്രവൃത്തികൾ ആരംഭിക്കാൻ ഉദ്ദേശിച്ച അണക്കെട്ടുകൾ ഏതൊക്കെയായിരുന്നു; ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ അണക്കെട്ടുകളൊന്നുംതന്നെ അപകട ഭീഷണി നേരിടുന്നില്ല. എന്നാൽ ബലക്ഷയം സംഭവിക്കുന്ന ഡാമുകളുടെ ബലപ്പെടുത്തൽ പണികൾ ഡാം സേഫ്റ്റിക്കുള്ള പദ്ധതി വിഹിതമുപയോഗിച്ച് നടത്തിവരുന്നുണ്ട്.

(സി, ഡി) അണക്കെട്ടുകൾ ബലപ്പെടുത്താൻവേണ്ട നടപടികൾ താഴെ പറയുന്ന ഡാമുകളിലാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്:

(1) പെരിയാർ
(2) ചിമ്മിണി.
(3) കുറ്റ്യാടി.
(4) കാഞ്ഞിരപ്പുഴ.
(5) ശിരുവാണി.

മേൽപ്പറഞ്ഞവയിൽ കുറ്റ്യാടി, കാഞ്ഞിരപ്പുഴ, ശിരുവാണി ഡാമുകളുടെ പണികൾ 2005 ഡിസംബറോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പെരിയാർ, ചിമ്മിണി പദ്ധതികളിലെ പ്രവൃത്തികൾ വർഷാവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly